ഗ്രാമീണ കോടതികൾ

43 (T 7602) ശ്രീ. എം. എ. ബേബി :
ശ്രീ. ആർ. രാജേഷ് :
ഡോ. കെ. ടി. ജലീൽ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാധാരണക്കാരായ ജനങ്ങൾക്ക് എത്രയുംപെട്ടന്ന് നീതി ലഭ്യമാക്കാൻ വിഭാവനം ചെയ്ത ഗ്രാമീണ കോടതികൾ സ്ഥാപിക്കുന്നതിൽ സർക്കാർ അലംഭാവം കാട്ടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗ്രാമീണ കോടതികൾ സ്ഥാപിക്കുന്നതിന് കേന്ദ്രസഹായം ലഭിക്കുന്നതിന് സാധ്യതയുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ഗ്രാമീണ കോടതികൾ സ്ഥാപിക്കുന്നത് നിലവിൽ കെട്ടിക്കിടക്കുന്ന കേസ്സുകളുടെ ബാഹുല്യം കുറയ്ക്കുന്നതിന് സഹായക മാകുമോയെന്ന് വ്യക്തമാക്കുമോ ;

(ഡി) കോടതികളുടെ ദസവനം താഴെത്തട്ടിൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായുള്ള ഗ്രാമീണ കോടതികൾ സ്ഥാപിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേന്ദ്രസർക്കാരിൽനിന്നും ഓരോ ഗ്രാമീണകോടതിക്കും കെട്ടിടം നിർമ്മിക്കുന്നതിനായി പത്ത് ലക്ഷവും വാഹനത്തിനായി അഞ്ച് ലക്ഷവും ഓഫീസ് സാമഗ്രികൾക്കായി മൂന്ന് ലക്ഷവും ഉൾപ്പെടെ പതിനെട്ടുലക്ഷം രൂപ വീതം അനാവർത്തന ചെലവ് കേന്ദ്രസർക്കാർ വഹിക്കുന്നതാണ്. കൂടാതെ ആദ്യ മൂന്നുവർഷം സംസ്ഥാനവുമായി ചേർന്ന് 6.4 ലക്ഷംവരെ ഓരോ വർഷവും ശമ്പളം മുതലായ ആവർത്തന ചെലവിനത്തിൽ കേന്ദ്രം വഹിക്കുന്നതാണ്.

(സി) ഗ്രാമന്യായാലയം തുടങ്ങുന്നതിന്റെ ഉദ്ദേശ്യലക്ഷ്യംതന്നെ സാധാരണക്കാരന്റെ പടിവാതിലിൽ നീതി എത്തിക്കുകയെന്നതാണ്. ഗ്രാമീണ കോടതികൾ തുടങ്ങുന്ന സ്ഥലങ്ങളിൽ മുൻസിഫ്, മജിസ്ട്രേറ്റ് കോടതികളിൽ തീർപ്പാകാതെ കിടക്കുന്ന കേസ്സുകളിൽ കുറവുവരാൻ സാധ്യതയുണ്ട്.

(ഡി) അനുയോജ്യമായ കെട്ടിടങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഹൈക്കോടതി നിർദ്ദേശം ലഭ്യമാകുന്നതനുസരിച്ച് ഗ്രാമന്യായാലയങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly